

വൃക്കദാനത്തിനായി ഓപ്പറേഷൻ തീയറ്ററിലേക്കു പോകും മുമ്പ് ബിഷപ് മാർ ജേക്കബ് മുരിക്കൻ കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ ചെയർമാൻ ഫാ. ഡേവിസ് ചിറമ്മലിനും കൊച്ചി ലേക്‌ഷോർ ആശുപത്രിയിലെ ഡോക്ടർമാർക്കുമൊപ്പം

# മാർ ജേക്കബ് മുരിക്കന്റെ വൃക്ക സൂരജിൽ തുടിച്ചു

സിജോ പൈനാടത്ത്

**കൊച്ചി:** ശുശ്രൂഷാവഴികളിൽ ബിഷപ് മാർ ജേക്കബ് മുരിക്കൻ മഹാദാനത്തിന്റെ മഹിതചരിത്രമെഴുതി. സ്വന്തം ശരീരത്തിൽനിന്നു പകുത്തു നൽകിയ വൃക്ക ദരിദ്ര കുടുംബാംഗമായ സൂരജിൽ ജീവന്റെ സ്പന്ദനമായി. അനേകരുടെ പ്രാർഥനകൾ സഫലമാക്കി രണ്ടു മണിക്കൂർ നീണ്ട ശസ്ത്രക്രിയ വിജയം. ഇരുവരുടെയും ആരോഗ്യനില തൃപ്തികരം.

പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കന്റെ വൃക്കദാനം ഇന്നലെ എറണാകുളം വിപിഎസ് ലേക്‌ഷോർ ആശുപത്രിയിലാണു നടന്നത്.

തീവ്രപരിചരണ വിഭാഗത്തിലുള്ള ബിഷപ്പിന്റെ ആരോഗ്യനില പൂർണ തൃപ്തികരമാണെന്നു ശസ്ത്രക്രിയയ്ക്കു നേതൃത്വം നൽകിയ യൂറോളജിസ്റ്റ് ഡോ. ജോർജ് പി. എബ്രഹാം, നെഫ്രോളജിസ്റ്റ് ഡോ. എബി എബ്രഹാം എന്നിവർ അറിയിച്ചു. ഇന്നു മുറിയിലേക്കു മാറ്റുന്ന ബിഷപ്പിനു തിങ്കളാഴ്ച ആശുപത്രി വിടാനാകും. നാലു ദിവസം തീവ്രപരിചരണ വിഭാഗത്തിലെ നിരീക്ഷണത്തിനു ശേഷം സൂരജിനെ മുറിയിലേക്കു മാറ്റും. അടുത്തയാഴ്ച അവസാനം ഇദ്ദേഹത്തിനും ആശുപത്രി വിടാനാകുമെന്നും ഡോക്ടർമാർ അറിയിച്ചു. മാർ ജേക്കബ് മുരിക്കന്റെ കാരുണ്യപൂർവമുള്ള വൃക്കദാനത്തിൽ പങ്കാളികളാകാൻ സാധിച്ചതിൽ സന്തോഷവും അഭിമാനവുമുണ്ടെന്നു ഡോക്ടർമാർ പറഞ്ഞു.

കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ ജീവനക്കാരനായ സൂരജ് (31) ഒന്നര വർഷം മുമ്പു മൂത്രത്തിൽ അണുബാധയെത്തുടർന്നു നടത്തിയ പരിശോധനയിലാണു വൃക്കയുടെ തകരാർ തിരിച്ചറിഞ്ഞത്. ഒരു വൃക്ക മാത്രമാണ് ഇദ്ദേഹത്തിൽ പ്രവർത്തിച്ചിരുന്നത്. പുതിയ വൃക്കയ്ക്കായി കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ടതോടെയാണു വഴിതിരിവിലെത്തിയത്. ഫെഡറേഷൻ ചെയർമാൻ ഫാ. ഡേവിസ് ചിറമ്മലിൽ നിന്നാണു സൂരജിന്റെ ജീവിതാവസ്ഥയെക്കുറിച്ചു ബിഷപ് മാർ മുരിക്കൻ അറിയുന്നത്.

കോട്ടയ്ക്കൽ ഈശ്വരമംഗലം പാലത്തറ സുധാകരന്റെയും പാർവതിയുടെയും മകനാണു സൂരജ്. ഫാ. ഡേവിസ് ചിറമ്മലും പാലാ രൂപതയിൽ നിന്നുള്ള വൈദികരും ബിഷപ്പിന്റെ സഹോദരങ്ങളായ ലൂക്കോസ്, തോമസ്, മാത്യു, ലിസമ്മ എന്നിവരും ഇന്നലെ ആശുപത്രിയിലെത്തിയിരുന്നു. യൂറോളജിസ്റ്റ് ഡോ. പി. ഡേവിസൺ ജോർജ്, നെഫ്രോളജിസ്റ്റ് ഡോ. ജിതിൻ എസ്. കുമാർ, ഡോ. മോഹൻ മാത്യു, ഡോ. മത്തായി സാമുവൽ എന്നിവരും ശസ്ത്രക്രിയയിലും അനുബന്ധ ചികിത്സയിലും പങ്കാളികളായി. വൃക്കദാനം നടത്തിയ ആദ്യമെത്രാനാണു മാർ ജേക്കബ് മുരിക്കൻ. പതിനഞ്ചു വൈദികരും ആറു കന്യാസ്ത്രീകളും ഉൾപ്പെടെ നൂറുകണക്കിനാളുകൾ ഇതിനകം വൃക്കദാനം നടത്തിയിട്ടുണ്ട്.